"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോവിഡ്-19 പ്രതിരോധ നടപടികളുടെ ഭാഗമായി കേരള അഗ്രോ മെഷീനറി കോർപറേഷൻ ലിമിറ്റഡ് (KAMCO) വികസിപ്പിച്ച പെഡൽ ഓപ്പറേറ്റഡ് സാനിറ്റൈസർ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ്- ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.1458/2020/LSGD തീയതി,തിരുവനന്തപുരം, 05/08/2020

---

പരാമർശം:- 1 27.05.2020-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.20

2 11.06.2020-ലെ സ.ഉ.(സാധാ.) നം.1101/2020/ത.സ്വ.ഭ.വ.

3 അഗ്രോ മെഷീനറി കോർപറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 16.06.2020- ലെ കത്ത്

4 24.06.2020-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.33

**ഉത്തരവ്**

കോവിഡ്-19 പ്രതിരോധ നടപടികളുടെ ഭാഗമായി കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ ലിമിറ്റഡ് (KAMCO) വികസിപ്പിച്ച പെഡൽ ഓപ്പറേറ്റഡ് സാനിറ്റൈസർ സംവിധാനത്തിന്റെ വില 500 ml സാനിറ്റൈസർ ഉൾപ്പെടെ നികുതിയടക്കം 1250/- രൂപ എന്ന നിരക്ക് അംഗീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ പ്രസ്തുത സംവിധാനം ഉപയോഗിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പെഡൽ ഓപ്പറേറ്റഡ് സാനിറ്റൈസർ സംവിധാനത്തിന്റെ വിലയിൽ 18% ജി.എസ്.റ്റി ഉൾപ്പെടുത്തിയിരുന്നില്ല എന്നും ആയത് സഹിതം ഉപകരണത്തിന്റെ വില 1475/- രൂപ ആയതിനാൽ പ്രസ്തുത നിരക്കിൽ വിലനിശ്ചയിക്കുവാൻ അനുമതി നൽകണമെന്ന് KAMCO മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. പരാമർശം (4) പ്രകാരം, KAMCO വികസിപ്പിച്ച പെഡൽ ഓപ്പറേറ്റഡ് സാനിറ്റൈസറിന് നികുതിയടക്കം 1475/- രൂപ വില നിശ്ചയിക്കാൻ അനുമതി നല്കുകയും പരാമർശം (1) പ്രകാരമുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം തദനുസരണം ഭേദഗതി ചെയ്യുകയും ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് 19 പ്രതിരോധ നടപടികളുടെ ഭാഗമായി കേരള അഗ്രോ മെഷീനറി കോർപറേഷൻ ലിമിറ്റഡ് (KAMCO) വികസിപ്പിച്ച പെഡൽ ഓപ്പറേറ്റഡ് സാനിറ്റൈസർ സംവിധാനത്തിന്റെ വില 500 ml സാനിറ്റൈസർ ഉൾപ്പടെ നികുതിയടക്കം 1475/- രൂപയായി അംഗീകരിച്ചുകൊണ്ട് പ്രസ്തുത ഉപകരണം തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നതിന് അനുമതി നൽകി പരാമർശം (2) ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MINI MOL D

JOINT SECRETARY

പകർപ്പ്

മാനേജിംഗ് ഡയറക്ടർ, അഗ്രോ മെഷീനറി കോർപറേഷൻ ലിമിറ്റഡ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ഡയറക്ടർ ജനറൽ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ചീഫ് എഞ്ചിനീയർ, KSRRDA
മിഷൻ ഡയറക്ടർ, MGNREGS
എല്ലാ വികസന അതോറിറ്റികൾക്കും
സ്പെഷ്യൽ ഓഫീസർ, CRDP
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
മാനേജിംഗ് ഡയറക്ടർ, KURDFC
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.08.05 15:50:39 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്